# നീര ഉൽപാദനത്തിന് 15 കോടി, ജൈവകൃഷിക്ക് 12 കോടി

തിരുവനന്തപുരം● നീര ഉൽപാദനത്തിനു 15 കോടി രൂപ അനുവദിച്ചു പ്രവർത്തനം തുടങ്ങുമെന്നു കൃഷി മന്ത്രി കെ.പി. മോഹനൻ നിയമസഭയിൽ അറിയിച്ചു. ജൈവകൃഷി പ്രോൽസാഹനത്തിനു 12 കോടി രൂപ അനുവദിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഹൈടെക് ഹരിതഗ്രാമങ്ങൾക്കു 4.2 കോടി രൂപയും കാർഷിക മാളുകൾക്കു 2.5 കോടി രൂപയും അനുവദിക്കും. മാളയിൽ 1.13 കോടി രൂപ ചെലവിൽ ചക്കയിൽനിന്നു മൂല്യവർധിത ഉൽപന്നങ്ങൾ തയാറാക്കുന്ന പ്ലാന്റ് സ്ഥാപിക്കും. എല്ലാ വീടുകളിലും മാവ്, പ്ലാവ്, വാഴ തുടങ്ങിയവ നട്ടുവളർത്താൻ പദ്ധതി നടപ്പാക്കും.

എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ജൈവവാതക പ്ലാന്റ് സ്ഥാപിക്കും. 25 കോടിയാണ് ഇതിനു ചെലവ്. ഒരേയിനം വിള കൃഷി ചെയ്യുന്നവരെ ചേർത്ത് ഉൽപാദക സംഘങ്ങൾ, ക്ലസ്റ്ററുകൾ, അപ്പെക്സ് ബോഡികൾ, സംസ്ഥാന തലത്തിൽ കാർഷികോൽപാദക സംഘങ്ങൾ എന്നിവ രൂപീകരിക്കുമെന്നും മന്ത്രി മോഹനൻ അറിയിച്ചു.